ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10-09-2024**

## പ്രധാനവാർത്തകൾ

1). ഗവേഷണ മേഖലയിലെ പ്രതിബന്ധങ്ങൾ തിരിച്ചറിഞ്ഞ്, ഇവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ രൂപപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ അതിക്രമങ്ങൾ തടയുന്ന പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ കേരളത്തിന് സമ്മാനിച്ചു.

3) കൃഷിവകുപ്പിൻറെ ഓണസമൃദ്ധി കർഷക ചന്തകളുടെ ഉദ്ഘാടനം മന്ത്രി പി. പ്രസാദ് തിരുവനന്തപുരത്ത് നിർവഹിച്ചു. കുടുംബശ്രീ ഓണം വിപണന മേളകൾക്കും സംസ്ഥാനത്ത് തുടക്കം.

4) വഖഫ് നിയമഭേദഗതി സംബന്ധിച്ചുള്ള നിർദേശങ്ങൾ സംയുക്ത പാർലമെൻററി സമിതിയ്ക്ക് സമർപ്പിക്കുമെന്ന് മന്ത്രി വി. അബ്ദുറഹിമാൻ.

5) വയനാട് ദുരന്തത്തിൽ ആധാരവും രജിസ്ട്രേഷൻ രേഖകളും നഷ്ടപ്പെട്ടവർക്ക് അവ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ച് സംസ്ഥാന സർക്കാർ.

RNU TVPM

==================================================

**അനുസന്ധാൻ - പ്രധാനമന്ത്രി**

ഗവേഷണ മേഖലയിലെ പ്രതിബന്ധങ്ങൾ തിരിച്ചറിഞ്ഞ്, ഇവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ രൂപപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അനുസന്ധാൻ ദേശീയ ഗവേഷണ ഫൗണ്ടേഷൻറെ ആദ്യ ഭരണ സമിതി യോഗത്തിന് ന്യൂഡൽഹിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു പ്രധാനമന്ത്രി. രാജ്യത്തെ ശാസ്ത്ര, സാങ്കേതിക മേഖലയെ, ഗവേഷണം പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച ചർച്ചകൾ യോഗത്തിൽ നടന്നു. പ്രശ്നപരിഹാരങ്ങൾക്ക് ഊന്നൽ നൽകിയുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കണമെന്നും, സ്ഥാപനങ്ങളെ ഇത് സാധ്യമാക്കുന്ന വിധത്തിൽ മികവുറ്റതാക്കണമെന്നും പ്രധാനമന്ത്രി യോഗത്തിൽ വ്യക്തമാക്കി. ഗവേഷണ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്ന വിധത്തിൽ ഡാഷ്ബോർഡ് സജ്ജീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ, ശാസ്ത്ര, ഗവേഷണ മേഖലയിലെ വിദഗ്ധർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

RNU TVPM

==================================================

**ആഭ്യന്തരമന്ത്രാലയം - പുരസ്കാരം**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ അതിക്രമങ്ങൾ തടയുന്ന പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര സർക്കാർ പുരസ്കാരം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായിൽ നിന്ന് കേരളം ഏറ്റുവാങ്ങി. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെൻററിൻറെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്, സൈബർ ഓപ്പറേഷൻസ്

വിഭാഗം എസ്.പി. ഹരിശങ്കർ എന്നിവർ ചേർന്നാണ് പുരസ്കാരം സ്വീകരിച്ചത്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി കേരള പോലീസ് സ്വീകരിച്ച നടപടികൾ കണക്കിലെടുത്താണ് പുരസ്കാരം.

==========================================================

**പി. പ്രസാദ്**

സാധ്യമായ ഇടങ്ങളിലെല്ലാം കൃഷി ചെയ്യാൻ മലയാളികൾ തയ്യാറാകണമെന്ന് കൃഷി മന്ത്രി പി പ്രസാദ്. സംസ്ഥാന കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന ഓണസമൃദ്ധി കർഷകചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് 2000 കർഷക ചന്തകളാണ് നാളെ മുതൽ ഈ മാസം 14 വരെ പ്രവർത്തിക്കുക. കർഷകരിൽ നിന്ന് നേരിട്ട് ഉപഭോക്താക്കളിലേക്ക് കാർഷിക ഉത്പന്നങ്ങൾ എത്തിക്കുക എന്നുള്ളതാണ് കർഷക ചന്തകളിലൂടെ കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള സപ്ലൈകോ ഓണം ഫെയറുകളും സംസ്ഥാനത്ത് ഇന്ന് മുതൽ പ്രവർത്തനമാരംഭിച്ചു. സബ്സിഡി സാധനങ്ങൾക്ക് പുറമേ, നിത്യോപയോഗ സാധനങ്ങളും വിലക്കുറവിൽ ഇവിടെ നിന്നും ലഭിക്കും.

==========================================================

**എം.ബി രാജേഷ്- കുടുംബശ്രീ - (ഇൻട്രോ)**

ഇത്തവണത്തെ ഓണം വിപണനമേളയിലൂടെ 30 കോടിയുടെ വിറ്റുവരവാണ് കുടുംബശ്രീ ലക്ഷ്യം വയ്ക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ്. കുടുംബശ്രീയുടെ സംസ്ഥാനതല ഓണം വിപണന മേളയുടെ

RNUTVPM

ഉദ്ഘാടനം പത്തനംതിട്ടയിൽ നിർവഹിക്കുകയായി രുന്നു മന്ത്രി. വയനാടിനായി ദുരിതാശ്വാസ നിധിയിലേക്ക് കുടുംബശ്രീ 20 കോടി ഏഴ് ലക്ഷത്തിലധികം രൂപ സംഭാവന ചെയ്തതായും, ഏറ്റവും കൂടുതൽ തുക ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത പ്രസ്ഥാനം കുടുംബശ്രീയാണെന്നും മന്ത്രി പറഞ്ഞു.

**(ഹോൾഡ് ..............................)**

സംസ്ഥാനത്താകെ 2,154 ഓണം മേളകളാണ് കുടുംബശ്രീ ആരംഭിച്ചത്. ഓരോ അയൽക്കൂട്ടത്തിൽ നിന്നും കുറഞ്ഞത് ഒരുൽപ്പന്നമെങ്കിലും വിപണന മേളകളിൽ എത്തിക്കുകയാണ് ലക്ഷ്യം. 'ഫ്രഷ് ബൈറ്റ്സ്' എന്ന പേരിൽ ബ്രാൻഡ് ചെയ്ത ചിപ്സ്, ശർക്കരവരട്ടി എന്നിവയും മേളകളിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

====================================================

**തൊഴിലാളികൾക്ക് ധനസഹായം**

ഓണത്തോടനുബന്ധിച്ച് പരമ്പരാഗത മേഖലയിലെ 9 ലക്ഷത്തോളം തൊഴിലാളികൾക്കായി 45 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചു. മിനിമം കൂലി ഉറപ്പാക്കൽ പദ്ധതിയിലേക്കായാണ് തുക ലഭ്യമാക്കിയത്._പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് ഉത്സവബത്തയായി 2,750 രൂപയും അനുവദിച്ചു. ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1,250 രൂപ ഉത്സവബത്ത ലഭിക്കും.

====================================================

**ഓണക്കിറ്റ് - വീണാ ജോർജ്**

വയനാടിലെ സിക്കിൾസെൽ രോഗികൾക്ക് പ്രത്യേക ഓണക്കിറ്റ് നൽകുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. നിലവിൽ നൽകി വരുന്ന ന്യൂട്രീഷൻ കിറ്റ് കൂടാതെയാണ് ഓണക്കിറ്റ് നൽകുന്നത്.

RNUTVPM

==============================================================

**ധനമന്ത്രി-കെ.എസ്.ആർ.ടി.സി**

കെ.എസ്.ആർ.ടി.സി യ്ക്ക് സംസ്ഥാന സർക്കാർ 74.20 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ വായ്പകളുടെ തിരിച്ചടവിനായാണ് തുക ലഭ്യമാക്കിയത്. നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ കെ.എസ്.ആർ.ടി.സി യ്ക്ക് വകയിരുത്തിയ 900 കോടി രൂപയിൽ, 864 കോടി രൂപയും ഇതിനോടകം തന്നെ ലഭ്യമാക്കിയതായും മന്ത്രി പറഞ്ഞു.

==============================================================

**ഓണത്തിനൊരുമുറം പച്ചക്കറി**

സംസ്ഥാന കൃഷി വകുപ്പിൻറെ ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം മുഖ്യ മന്ത്രി പിണറായി വിജയൻ നാളെ സെക്രട്ടറിയേറ്റ് അങ്കണത്തിലെ ഉദ്യാനത്തിൽ നിർവ്വഹിക്കും. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് ഓണത്തിനൊരുമുറം പച്ചക്കറി.

==============================================================

**ബ്രേക്ക്.......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==============================================================

**വഖഫ്-അബ്ദു റഹിമാൻ**

വഖഫ് നിയമഭേദഗതി സംബന്ധിച്ചുള്ള നിർദേശങ്ങൾ അടുത്ത ദിവസം തന്നെ സംയുക്ത പാർലമെൻററി സമിതിയ്ക്ക് സമർപ്പിക്കുമെന്ന് മന്ത്രി വി. അബ്ദുറഹിമാൻ. ബില്ലിലെ വ്യവസ്ഥകൾ വഖഫ് സ്ഥാപനങ്ങളെയും അവയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളെയും എങ്ങനെ ബാധിക്കും എന്നത് സംബന്ധിച്ച അഭിപ്രായം ക്രോഡീകരിക്കാൻ കൊച്ചിയിൽ

RNUTVPM

സംഘടിപ്പിച്ച ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശിൽപ്പശാലയിൽ ഉയർന്ന അഭിപ്രായങ്ങൾ സർക്കാർ പ്രതിനിധികൾ, വഖഫ് ബോർഡ് ചെയർമാൻ, അംഗങ്ങൾ, മതസംഘടനാ പ്രതിനിധികൾ എന്നിവർ ചേർന്ന് സമിതിക്ക് മുമ്പാകെ സമർപ്പിക്കും. ഭരണഘടനയ്ക്കുള്ളിൽ നിന്ന് വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

==================================================

**രാമചന്ദ്രൻ കടന്നപ്പള്ളി- വയനാട്**

വയനാട് ദുരന്തത്തിൽ ആധാരവും മറ്റു രജിസ്ട്രേഷൻ രേഖകളും നഷ്ടപ്പെട്ടവർക്ക് അവ സൗജന്യമായി ലഭ്യമാക്കുന്നത് സംബന്ധിച്ച ഉത്തരവ് സംസ്ഥാന സർക്കാർ പുറത്തിറക്കി. ദുരന്തബാധിതർ സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷയോ വാർഡ് മെമ്പറുടെ സാക്ഷ്യപത്രമോ ഇതിനായി ഹാജരാക്കണം. അടുത്തവർഷം മാർച്ച് 31 വരെ ആനുകൂല്യം ലഭിക്കും.

==================================================

RNU TVPM

**ഒ.ആർ കേളു-കൊല്ലം**

പിന്നാക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ കുടിശ്ശികവരാതെ നൽകുന്നതിന് നടപടി കൈക്കൊണ്ടതായി മന്ത്രി ഒ.ആർ. കേളു. പട്ടികജാതി വികസന വകുപ്പിന്റെ കൊല്ലം ജില്ലാതല അവലോകന യോഗത്തിനുശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുക യായിരുന്നു മന്ത്രി. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ ലപ്സം ഗ്രാന്റ് കുടിശ്ശികത്തുക 90 ശതമാനത്തോളം നൽകിയതായും, ഈ സാമ്പത്തിക വർഷത്തേത് ഓണത്തിന് ശേഷം നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

==========================================

**<u>എലിപ്പനി</u>**

ഇടവിട്ടുള്ള മഴയുടെ സാഹചര്യത്തിൽ ഡെങ്കിപ്പനിയ്ക്കെതിരേയും എലിപ്പനിയ്ക്കെതിരേയും സംസ്ഥാനത്ത് ജാഗ്രത തുടരണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം യോഗത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുകയായിരുന്നു മന്ത്രി. ചില രാജ്യങ്ങളിൽ എംപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രതിരോധം ശക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

==========================================

**<u>സ്ത്രീയെ കൊന്ന് കുഴിച്ചുമൂടി</u>**

ആലപ്പുഴ കലവൂരിൽ സ്ത്രീയുടെ മൃതദേഹം കുഴിച്ചുമൂടിയ നിലയിൽ കണ്ടെത്തി. എറണാകുളം കടവന്ത്ര സ്വദേശിനിയായ വയോധിക, സുഭദ്രയുടെ മൃതദേഹമാണ് ഇതെന്നാണ് പോലീസിൻ്റെ പ്രാഥമിക നിഗമനം. 73 കാരിയായ സുഭദ്രയെ കഴിഞ്ഞ നാലിനാണ് കാണാതായത് . സുഭദ്രയുടെ പരിചയക്കാരിയും, ഭർത്താവും താമസിക്കുന്ന വീടിൻറെ പരസരത്തു നിന്നാണ് മൃതദേഹം കണ്ടെത്തിയത്. സ്വർണാഭരണങ്ങൾ കവർന്നശേഷമാണ് കൊലപാതകമെന്നാണ് പോലീസ് നിഗമനം.

RNJTVPM

==========================================

**<u>രാമൻകരി-അഭിഭാഷകൻ</u>**

ആലപ്പുഴ രാമങ്കരിയിൽ അഭിഭാഷകനെ പോലീസുകാർ കയ്യേറ്റം ചെയ്ത സംഭവത്തിൽ ഹൈകോടതി സ്വമേധയാ കേസെടുത്തു. സംഭവത്തിൽ അഭിഭാഷക അസോസിയേഷനുകളുടെ കോടതി ബഹിഷ്കരണം അവസാനിപ്പിക്കണമെന്നും കോടതി

നിർദേശിച്ചു. അതേസമയം, പോലീസുകാർക്കെതിരെ നടപടി എടുക്കാത്തതിൽ പ്രതിഷേധിച്ച് അഭിഭാഷകർ ആലപ്പുഴ എസ് പി ഓഫീസിലേക്ക് ഇന്ന് മാർച്ച് നടത്തി. 20 ബാർ അസോസിയേഷനുകളിലെ അഭിഭാഷകർ പ്രതിഷേധസൂചകമായി ഇന്ന് കോടതി ബഹിഷ്കരിച്ചു.

==========================================================

## സഖി ഡോർമറ്ററി

കെ.എസ്.എഫ്.ഡി.സി യുടെ നേതൃത്വത്തിൽ തമ്പാനൂർ കൈരളി, ശ്രീ, നിള തിയറ്റർ കോംപ്ലക്സിൽ ഒരുക്കിയ സഖി ഡോർമറ്ററിയുടെ ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ നാളെ നിർവഹിക്കും. മന്ത്രി വീണ ജോർജ്ജ് ഡോർമറ്ററിയുടെ ആദ്യ ഓൺലൈൻ ബുക്കിംഗ് നടത്തും. എയർ കണ്ടീഷൻഡ് ആയ ഡോർമറ്ററിയിൽ 12 ബെഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. 24 മണിക്കൂർ ചെക്കൗട്ട് വ്യവസ്ഥയിൽ 500 രൂപയും ജി.എസ്.ടിയുമാണ് താമസ നിരക്ക്.

RNU TVPM

==========================================================

## ഗ്യാസ് ഏജൻസി

സംസ്ഥാനത്തെ ഗ്യാസ് ഏജൻസികളിൽ പാചക വാതക സിലിണ്ടർ വിതരണം ചെയ്യുന്ന തൊഴിലാളികളുടെ ബോണസ് തർക്കം അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലൂടെ പരിഹരിച്ചു. ബോണസ് / എക്സ്ഗ്രേഷ്യ ആയി തൊഴിലാളികൾക്ക് 16,000 രൂപ നൽകാൻ തീരുമാനമായി.

========================================================

**കണ്ണൂർ - ബോണസ് തർക്കം**

കണ്ണൂർ ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ബോണസ് തർക്കം ജില്ലാ ലേബർ ഓഫീസറുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ തീർപ്പായി. മൊത്തം വേതനത്തിൻറെ 8.33 ശതമാനം ബോണസായി നൽകാനാണ് തീരുമാനം.

========================================================

**ഗതാഗത നിയന്ത്രണം- തിരുവനന്തപുരം**

തിരുവനന്തപുരം അട്ടകുളങ്ങര -തിരുവല്ലം റോഡിൽ ടാറിങ് പ്രവർത്തി നടക്കുന്നതിനാൽ നാളെ രാവിലെ ആറ് മണി മുതൽ രാത്രി പത്ത് വരെ, ഗതാഗതം പൂർണമായി നിരോധിച്ചു. ഗതാഗതത്തിനായി അട്ടകുളങ്ങര -പടിഞ്ഞാറേകോട്ട - ഈഞ്ചക്കൽ - ബൈപാസ് റോഡുകൾ ഉപയോഗിക്കണമെന്ന് പൊതുമരാമത്ത് വിഭാഗം അറിയിച്ചു.

RNU TVPM

========================================================

**സംസ്ഥാനം - കാലാവസ്ഥ**

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

========================================================
========================================================
============